പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3051 **29-10-2026-ൽ മറുപടിയ്ക്ക്**

ആലുവ മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. അൻവർ സാദത്ത് ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആലുവ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. ആലുവ നിയോജകമണ്ഡലത്തിൽ കെട്ടിട നിർമ്മാണപ്രവൃത്തികൾക്കായി പ്രൊപ്പോസലുകൾ ലഭിച്ചിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

1.	ഗവ. എച്ച്.എസ്, കുട്ടമശ്ശേരി	500 ലക്ഷം
2.	ഗവ. ബോയ്സ് എച്ച്.എസ്.എസ്, ആലുവ	330 ലക്ഷം
3.	ഗവ. എൽ.പി.എസ്, അകപ്പറമ്പ്	200 ലക്ഷം
4.	ഗവ. എച്ച്.എസ്.എസ്, ചെങ്ങമനാട്	300 ലക്ഷം

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിവരം ലഭ്യമാക്കാമോ?

മറുപടി: കെട്ടിട നിർമ്മാണപ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗവ. എൽ.പി.എസ്, അകപ്പറമ്പ് - ന് 31/10/2025-ൽ 200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

2. ഗവ. ബോയ്സ് എച്ച്.എസ്.എസ്, ആലുവ -യ്ക്ക് 06/11/2025-ൽ 330 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ